**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2350**

**12.02.2020 - ലെ മറുപടിയ്ക്ക്**

**ട്രഷറി നിക്ഷേപങ്ങൾ**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. ബി. ഡി. ദേവസ്സി** | **ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്** |
| (എ) | ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിനും നിക്ഷേപകർക്ക് സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും ട്രഷറികൾ നവീകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ; | ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കാൻ 04.10.2019 - ലെ സ.ഉ.(പി)136/2019/ധന നമ്പർ ഉത്തരവു പ്രകാരം ട്രഷറികളിൽ 01.11.2019 മുതൽ ഉയർന്ന പലിശ നിരക്കിൽ ഹ്രസ്വകാല നിക്ഷേപങ്ങൾ സ്വീകരിച്ചു തുടങ്ങി. സ്ഥിരനിക്ഷേപ പലിശ നിരക്കിനെ കുറിച്ച് നോട്ടീസ് പ്രിന്റ് ചെയ്ത് ട്രഷറി മുഖാന്തിരം ഇടപാടുകാർക്ക് എത്തിക്കുകയും എല്ലാ ട്രഷറികളിലും ഇതു സംബന്ധിച്ച് ബാനർ തയ്യാറാക്കി പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിക്ഷേപകരോട് സൗഹാർദ്ദപരമായ സമീപനം സ്വീകരിക്കുന്നതിനായി കൗണ്ടറിൽ തിരക്ക് അനുഭവപ്പെടുന്ന അവസരങ്ങളിൽ കൂടുതൽ ജീവനക്കാരെ നിയോഗിച്ച് ഇടപാടുകൾ നടത്തിക്കൊടുക്കുന്നതോടൊപ്പം നിക്ഷേപകരുടെ അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിന് ഹെൽപ്പ് ഡെസ്ക് സംവിധാനവും ഒരുക്കിയിട്ടുണ്ട്. നിലവിൽ ഇടപാടുകാർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം മിക്ക ട്രഷറികളിലും ലഭ്യമല്ലാത്തതിനാൽ നവീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ട്രഷറി സ്ഥിരനിക്ഷേപങ്ങളുടെ സർട്ടിഫിക്കറ്റുകൾ ബാങ്കുകളിലേതുപോലെ പെട്ടെന്ന് നശിക്കാത്ത തരത്തിൽ കവർ ചെയ്ത് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | നിക്ഷേപ സർട്ടിഫിക്കറ്റുകൾ സൂക്ഷിക്കുവാൻ പരിസ്ഥിതി സൗഹൃദ കവറുകൾ ആവശ്യാനുസരണം പ്രിന്റ് ചെയ്തു ട്രഷറികൾക്കു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവരെ രണ്ടു ലക്ഷം കവറുകൾ വിതരണവും ചെയ്തിട്ടുണ്ട്. |

Manju.C

**സെക്ഷൻ ഓഫീസർ**